ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. പി. രാഘവൻപിള്ള യുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തഴക്കര യൂണിറ്റ് സഹകരണ സംഘം ഇൻസ്പെക്ടറാണ് അന്വേഷണം നടത്തിയത്.

(ഡി) അന്വേഷണ റിപ്പോർട്ട് ക്രിമിനൽ കേസ് സംബന്ധിച്ച് പോലീസധികാരികൾക്ക് അയച്ചു കൊടുത്തിരിക്കുകയാണ്.

(ഇ) കണക്കിൽപ്പെടുത്താതെ അപഹരിച്ചത് ഒരു ലക്ഷത്തി പന്ത്ര ണ്ടായിരത്തി അൻപത്തിയെട്ട് രൂപ നാൽപ്പത്തിനാല് പൈസ, കണക്കിൽ പ്പെടുത്തി അപഹരിച്ചത് ആയിരത്തി തൊള്ളായിരത്തി പതിനാല് രൂപാ അറുപത്തിയാറ് പൈസ.

(എഫ്) സെക്രട്ടറിയുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പണാപഹരണത്തിന് മറ്റ് ഉദ്യോഗസ്ഥൻമാർ കൂട്ടു നിന്നതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടില്ല.

എക്സസ് ലാൻറായി ഉൾപ്പെടുത്തിയിരിക്കുന്നു എന്ന് പരാതി

679 [987] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ താലൂക്കിൽ മണിട്ട് വില്ലേജിൽ സർവ്വേ 457/38-ൽപ്പെട്ട കറുമ്പന്റെ വസ്തു വില്ലേജ് ഉദ്യോഗസ്ഥൻമാർ എക്സസ് ലാൻറായി ഉൾപ്പെടുത്തിയിരിക്കുന്നു എന്നൊരു പരാതി ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പരാതിയെക്കുറിച്ച് അന്വേഷിച്ച് വേണ്ട മേൽനടപടി യ്ക്കായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചിട്ടുണ്ട്. അതിൻമേൽ ഒരു തീരുമാനം ഉടനെ ഉണ്ടാകുന്നതാണ്.

സർവ്വീസ് കോർപ്പറേഷൻ ബാങ്ക് വായ്പ

680 [991] ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സർവ്വീസ് കോർപ്പറേഷൻ ബാങ്ക് വഴി എത്ര തുക വായ്പ നൽകി;

(ബി) ഇതിൽ ദീർഘകാല വായ്പകൾ എത്ര;

(സി) മിഡ് ടേം ലോൺ എത്ര?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ റജിസ്ട്രാറുടെ ഭരണത്തിൻ കീഴിൽ സഹകരണ മേഖലയിൽ സർവ്വീസ് കോർപ്പറേഷൻ ബാങ്കുകൾ എന്ന സ്ഥാപനങ്ങൾ ഇല്ല. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ മാത്രമേയുള്ളു. പ്രാഥമിക കാർഷിക സർവ്വീസ് സഹകരണ സംഘങ്ങൾ 1977-78-ൽ 7124 ലക്ഷം രൂപയുടെ വായ്പ അംഗങ്ങൾക്ക് നൽകുകയുണ്ടായി.

(ബി) സർവ്വീസ് സഹകരണ സംഘങ്ങൾ ദീർഘ കാല വായ്പകൾ നൽകാറില്ല.

(സി) മിഡ് ടേം ലോൺ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് മദ്ധ്യ കാല വായ്പ എന്നാണെങ്കിൽ 1977-78-ൽ പ്രാഥമിക കാർഷിക സർവ്വീസ് സഹകരണ സംഘങ്ങൾ 1376 ലക്ഷം രൂപ മദ്ധ്യകാല വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

സഹകരണ സംഘങ്ങൾ മുഖേന ലോൺ

681 [992] ശ്രീ. ആർ. സുന്ദരേശൻ നായർ:

ശ്രീ. എസ്. തങ്കപ്പൻ പിള്ള:

ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978-79 സാമ്പത്തിക വർഷത്തിൽ ഷോർട്ടു ടേം, മീഡിയം ടേം, ലോംഗ് ടേം വായ്പയിനങ്ങളിൽ എന്തു തുക സഹകരണ സംഘങ്ങൾ മുഖേന കൃഷിക്കാർക്ക് വിതരണം ചെയ്തു?

(ബി) ഓരോ ജില്ലയിലും എത്ര രൂപ വീതം;

(സി) ഏതെല്ലാം കാർഷിക പദ്ധതികൾക്ക്;

ഉത്തരം

(എ) ഷോർട്ട് ടേം ലോൺ 4357.99 ലക്ഷം രൂപ

മീഡിയം ടേം ലോൺ 1455.33 ലക്ഷം രൂപ

ലോംഗ് ടേം ലോൺ 826.98 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly